12378
19/7/19

കേരള സർക്കാർ

<u>സംഗ്രഹം</u>

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - മലപ്പുറം ജില്ലയിൽ നിപ വൈറസ് ബാധ മൂലം മാറ്റി നിർത്തപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്യതിന് ചെലവായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

**റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്**

സ.ഉ. (സാധാ) നം. **1809/2019/റവ.** തിരുവനന്തപുരം, തീയതി, 06.07.2019.

==========================================

പരാമർശം:- 1.20.06.2018-ലെ സ.ഉ. (കൈ) നം. 232/2018/റവ. നമ്പർ ഉത്തരവ്.
2. മലപ്പുറം ജില്ലാ കളക്ടറുടെ 18.03.2019-ലെ ജി.3-169995/2018 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

മലപ്പുറം ജില്ലയിൽ നിപ വൈറസ് ബാധ മൂലം മാറ്റി നിർത്തപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യ റേഷനും ചികിൽസാ ചെലവും അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവാകുകയുണ്ടായി. പലചരക്കുകൾ ഉൾപ്പെടുത്തി സപ്ലൈകോ വഴി സൗജന്യ റേഷൻ വിതരണം ചെയ്ത ഇനത്തിൽ ചെലവായ 81,230/- രൂപ അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം മല്പ്പുറം ജില്ലാകളക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിൽ നിപ വൈറസ് ബാധ മൂലം മാറ്റി നിർത്തപ്പെട്ട കുടുംബങ്ങൾക്ക് പലചരക്കുകൾ ഉൾപ്പെടുത്തി വിവിധ സപ്ലൈകോ വഴി സൗജന്യ റേഷൻ വിതരണം ചെയ്ത വകയിൽ ചെലവായ തുക താഴെപ്പറയും പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| 1 | സപ്ലൈകോ മാവേലി സ്റ്റോർ, സൂപ്പർ മാർക്കറ്റ്, മഞ്ചേരി | 1,023.42/- |
| 2 | സപ്ലൈകോ പ്യൂപ്പിൾ ബസാർ, അങ്ങാടിപ്പുറം | 35,806.74/- |
| 3 | സപ്ലൈകോ താലൂക്ക് ഡിപ്പോ, തിരൂർ | 959.32/- |
| 4 | സപ്ലൈകോ സൂപ്പർ മാർക്കറ്റ്, ചെട്ടിപ്പടി, തിരൂരങ്ങാടി | 43,440.61/- |
| | ആകെ | 81,230.09/- |

...2/-

4. വിതരണത്തിനാവശ്യമായി വരുന്ന 81,230/- (എൺപത്തൊന്നായിരത്തി ഇരുന്നൂറ്റി മുപ്പത് രൂപ മാത്രം) രൂപ ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സന്തോഷ് കുമാർ. ടി.കെ.,**
ജോയിന്റ് സെക്രട്ടറി.

ജില്ലാ കളക്ടർ, മലപ്പുറം
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ ഫണ്ട്സ് വകുപ്പ്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Bindumol K.N

സെക്ഷൻ ഓഫീസർ.